വേൾഡ് ബാങ്ക് നൽകാനുദ്ദേശിക്കുന്നത്. DRIP (Dam Rehabilitation and Improvement Project) എന്നാണ് ആ സ്കീമിന് പറയുന്നത്. ഇടുക്കി, ശബരിഗിരി, ഇടമലയാർ, പള്ളിവാസൽ, ചെങ്കുളം, പന്നിയാർ, നേര്യമംഗലം, പെരിങ്ങൽകുത്ത്, ഷോളയാർ, കുറ്റ്യാടി, ലോവർ പെരിയാർ, കക്കാട് തുടങ്ങി 12 പ്രോജക്ടുകളാണ് അതിൽ എടുത്തിട്ടുള്ളത്, 25 വർഷംകൊണ്ടാണ് നമ്മൾ കാശ് തിരിച്ചടയ്ക്കേണ്ടത്. പോയിന്റ് എട്ട് ശതമാനം പലിശയ്ക്കാണ് കിട്ടുക. അതിന്റെ ടെൻഡർ ഡോക്യുമെന്റുകൾ ഇപ്പോൾ തയ്യാറാക്കുകയാണ്. സ്വാഭാവികമായും 12 ഡാമുകളും നമുക്ക് നവീകരിക്കാൻ പറ്റും.

ശ്രീ. എ. എ. ഷുക്കൂർ : സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തെരുവുവിളക്കുകൾ തെളിയിക്കുന്നതിനായി അവർ ഉപയോഗിക്കുന്ന വൈദ്യുതിയുടെതന്നെ പണം അടപ്പിക്കുന്നതിനുള്ള നടപടികൾക്കായി എന്തെങ്കിലും സംവിധാനം സർക്കാർ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് പ്രത്യേക മീറ്റർ വയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. എത്രയാണോ നമ്മൾ വൈദ്യുതി കൊടുക്കുന്നത് ആ വൈദ്യുതിക്ക് മാത്രമേ ചാർജ് ഈടാക്കാവൂ. ഇപ്പോൾ ഒരു ഫ്ളാറ്റ് റേറ്റിലാണ് വാങ്ങുന്നത്. അത് ഒഴിവാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, ഹൈഡലുമായി ബന്ധപ്പെട്ട് നല്ല നിലയിൽ വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന കുറേയേറെ ജീവനക്കാരുമുണ്ട്. അവരുടെ തൊഴിൽ ഉറപ്പുവരുത്തുകയും അതുപോലെ കുറേക്കൂടി മെച്ചപ്പെട്ട നിലയിൽ വിനോദസഞ്ചാര മേഖലയിലെ സേവനം നടത്തുവാൻ ബോർഡും ഹൈഡലുമായി ഒരുമിച്ചുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

ശ്രീ. എ. കെ. ബാലൻ : സർ, ഇത് സംബന്ധിച്ച് ആലോചിക്കുന്നുണ്ട്. ടെമ്പററിയായിട്ടുള്ള ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിൽ വന്നിട്ടില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാനത്ത് കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര ഏജൻസികളും സ്ഥാപനങ്ങളും

4 (*424) ശ്രീ. സാജു പോൾ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര ഏജൻസികളും സ്ഥാപനങ്ങളും ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്ഥാപനങ്ങൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(സി) കേന്ദ്ര ഏജൻസികളുടേയും സംസ്ഥാന സർക്കാർ സംവിധാനങ്ങളുടേയും ഏകോപനത്തിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ;

(ഡി) പ്രസ്തുത ഏജൻസികൾ വഴി പ്രതിവർഷം ലഭ്യമാകുന്ന വിവിധ സഹായങ്ങളുടെ വിശദവിവരം അറിയിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ):

(എ) കേന്ദ്ര കിഴങ്ങു വർഗ്ഗ ഗവേഷണ കേന്ദ്രം, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, ദേശീയ സുഗന്ധവിള ഗവേഷണ കേന്ദ്രം, സ്പൈസസ് ബോർഡ്, റബ്ബർ ബോർഡ്, കോഫി ബോർഡ്, കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ് തുടങ്ങിയവയാണ് സംസ്ഥാനത്ത് കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന കേന്ദ്ര ഏജൻസികളും സ്ഥാപനങ്ങളും.

(ബി) പ്രസ്തുത സ്ഥാപനങ്ങൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ കേന്ദ്രം :- വിവിധ കിഴങ്ങു വർഗ്ഗ വിളകളുമായി ബന്ധപ്പെട്ട ഗവേഷണങ്ങളും, വിജ്ഞാന വ്യാപനവും, തൈകൾ/ വിത്തുകളുടെ വിതരണവും.

കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം :- വിവിധ തോട്ടവിളകളുടേയും അവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട ഗവേഷണങ്ങളും വിജ്ഞാന വ്യാപനവും.

ദേശീയ സുഗന്ധവിള ഗവേഷണ കേന്ദ്രം :- വിവിധ സുഗന്ധവിളകളെക്കുറിച്ചും അവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട ഗവേഷണങ്ങളും വിജ്ഞാന വ്യാപനവും സുഗന്ധവിളകളുടെ തൈകളുടെ വിതരണവും.

സ്പൈസസ് ബോർഡ് :- സുഗന്ധവിളകളുടെ ഗവേഷണവും ഗുണനിയന്ത്രണങ്ങളും വിജ്ഞാന വ്യാപനവും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കലും.

റബ്ബർ ബോർഡ് :- റബ്ബറിനെക്കുറിച്ചുള്ള ഗവേഷണവും തൈ ഉല്പാദനവും വിതരണവും വിജ്ഞാനവ്യാപനവും.

കോഫി ബോർഡ് :- കാപ്പിച്ചെടിയെക്കുറിച്ചും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെയും ഗവേഷണവും തൈകളുടെ ഉല്പാദനവും വിതരണവും.

കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ് :- നാളികേരവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ, തെങ്ങിൻതൈകളുടെ ഉല്പാദനവും വിതരണവും, നാളികേരവും മൂല്യവർദ്ധിത ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട ഗവേഷണങ്ങളും, കാർഷിക വിജ്ഞാന വ്യാപനവും.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) 50/10/AD തീയതി 19-2-2010 പ്രകാരം കാർഷികോല്പാദന കമ്മീഷണർ ചെയർമാനായി ഒരു സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി) കുട്ടനാട്, ഇടുക്കി പാക്കേജ് പ്രകാരം കമ്മോഡിറ്റി ബോർഡ് അനുവദിച്ച തുക.

1. സ്പൈസസ് ബോർഡ്

(എ) ഇടുക്കി പാക്കേജ് പ്രകാരം ഏലം കൃഷിക്ക് 53.7 കോടി രൂപ.

(ബി) ഇടുക്കി പാക്കേജ് പ്രകാരം കുരുമുളകിനെ പുനരുജ്ജീവിപ്പിക്കുന്നതിനായി 120 കോടി രൂപ.

2. കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ്

(എ) കുട്ടനാട് പാക്കേജ് പ്രകാരം അപ്പർ കുട്ടനാട്ടിൽ തെങ്ങ് കൃഷിക്ക് 14 കോടി രൂപ.

(ബി) ഇടുക്കി പാക്കേജ് പ്രകാരം ഇടുക്കി ജില്ലയിൽ തെങ്ങ് കൃഷിക്ക് 10 കോടി രൂപ.

3. കോഫി ബോർഡ്

ഇടുക്കി പാക്കേജിന്റെ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റിനായി 0.66 കോടി രൂപ.

4. റ്റീ ബോർഡ്

ഇടുക്കി പാക്കേജ് പ്രകാരം മൂപ്പെത്തിയതും ഉല്പാദന ക്ഷമത കുറഞ്ഞവ മാറ്റി പുതിയവ കൃഷി ചെയ്യുന്നതിനുമായി 1.89 കോടി രൂപ.

കാർഷിക വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

5 (*425) ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. വർക്കല കഹാർ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ കാർഷിക മൊത്ത വ്യാപാര വിപണികൾ ശക്തിപ്പെടുത്തുന്നതിനായി എവിടെയൊക്കെയാണ് ഇ.ഇ.സി. വിപണികൾ ആരംഭിച്ചിട്ടുള്ളത് ; ഇത്തരം വിപണികൾ എന്തൊക്കെ കർഷകരക്ഷാ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly